ഉത്തരം

(എ) ആന്റ് (ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ആന്റ് (ഡി) കേരള സെൽഫ് ഫിനാൻസിംഗ് പ്രൊഫഷണൽ കോളേജ് (പ്രൊഹിബിഷൻ ഓഫ് ക്യാപ്പിറ്റേഷൻ ഫീസ് ആന്റ് പ്രൊസീഡിയർ ഫോർ അഡ്മിഷൻ ആന്റ് ഫിക്സേഷൻ ഓഫ് ഫീസ്) ആക്ട് 2004-നെതിരെ പുഷ്പഗിരി മാനേജ്മെന്റ് സുപ്രീംകോടതിയിൽ നൽകിയ കേസിൽ (WP 347/04) 29-7-2004-ന് സുപ്രീംകോടതിയിൽ നിന്നും ഒരു താൽക്കാലിക വിധി മാത്രമാണ് വന്നിട്ടുള്ളത്. ഇതനുസരിച്ച് 2004-05 അദ്ധ്യായന വർഷത്തിൽ വിദ്യാർത്ഥികൾ ജസ്റ്റിസ് കെ. ടി. തോമസ് കമ്മിറ്റി നിശ്ചയിച്ച പ്രകാരമുള്ള ഫീസ് താൽക്കാലികമായി നൽകണമെന്ന് ഉത്തരവായി. സ്വാശ്രയ മെഡിക്കൽ മേഖലയിലുള്ള ഫീസ് സംബന്ധിച്ച എല്ലാ കേസുകളും അപ്പീലുകളും സുപ്രീംകോടതിയുടെ ഏഴംഗ ഭരണഘടനാ ബഞ്ചിന്റെ പരിഗണനയിലാണ്. കേസിന്റെ വാദം 1-2-2005 മുതൽ തുടങ്ങിക്കഴിഞ്ഞു.

സ്വാശ്രയ ഹോമിയോ നേഴ്സിംഗ്-കം-ഫാർമസി കോഴ്സിന് എൻ. ഒ. സി. നൽകുന്നതിനുള്ള ശുപാർശ

157 [1684] ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ മേഖലയിൽ ഹോമിയോ നേഴ്സിംഗ്-കം-ഫാർമസി കോഴ്സിന് ഏതെല്ലാം സ്ഥാപനങ്ങൾക്ക് എൻ. ഒ. സി. നൽകിയിട്ടുണ്ട് ;

(ബി) എൻ. ഒ. സി. നൽകുന്നതിനു മുമ്പ് അടിസ്ഥാന സൗകര്യങ്ങൾ പരിശോധിക്കാൻ ഒരു സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത സമിതിയിൽ അംഗങ്ങൾ ആരെല്ലാമായിരുന്നു ;

(ഡി) ഡോ. അബ്ദുൽലത്തീഫ് ഈ കമ്മിറ്റിയിൽ ചെയർമാൻ ആയി പ്രവർത്തിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ അദ്ദേഹത്തെ നിയോഗിച്ചത് വകുപ്പുമന്ത്രിയുടെ ഉത്തരവ് പ്രകാരമായിരുന്നോ;

(എഫ്) ഡോ. അബ്ദുൽലത്തീഫ് ചെയർമാനായിരുന്ന കമ്മിറ്റി പരിശോധനാ റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചിരുന്നോ;

(ജി) എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങൾക്ക് എൻ. ഒ. സി. നൽകാനാണ് അതിൽ ശുപാർശ ചെയ്തിരിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഡോ. എ. കെ. ബി. മിഷൻ, ശാരദാ ഹെൽത്ത് സെന്റർ, കൊയിലാണ്ടി എന്ന ഒരു സ്ഥാപനത്തിനു മാത്രമാണ് എൻ. ഒ. സി. നൽകിയിട്ടുള്ളത്.

(ബി) ചുമതലപ്പെടുത്തിയിരുന്നു.

(സി) തിരുവനന്തപുരത്തെ ഗവൺമെന്റ് ഹോമിയോപ്പതി മെഡിക്കൽ കോളേജിന്റെ പ്രിൻസിപ്പൽ ആന്റ് കൺട്രോളിംഗ് ഓഫീസർ ചെയർമാനും താഴെപ്പറയുന്നവർ അംഗങ്ങളുമായിരുന്നു :

(1) ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ ;

(2) ഡോ. പ്രസന്നകുമാരി (മുൻ ചാത്തന്നൂർ ഹോമിയോ ഡിസ്പെൻസറി ചീഫ് മെഡിക്കൽ ആഫീസർ);

(3) ആരോഗ്യവകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി.

(ഡി) ഉണ്ട്. 19-4-2004 മുതൽ 17-5-2004 വരെ.

(ഇ) ആയിരുന്നു.

(എഫ്) അബ്ദുൾലത്തീഫ് കമ്മിറ്റിയുടെ പരിശോധനാ റിപ്പോർട്ട് സർക്കാരിനു ലഭിച്ചതായി കാണുന്നില്ല.

(ജി) ചോദ്യം ഉദിക്കുന്നില്ല.

സ്വാശ്രയ ഹോമിയോ നേഴ്സസ്, ഫാമസിസ്റ്റ് സ്ഥാപനങ്ങൾക്കു എൻ. ഒ. സി.

158 [1685] ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ മേഖലയിൽ ഹോമിയോ നേഴ്സ്-കം-ഫാർമസിസ്റ്റ് കോഴ്സിന്റെ കമ്മിറ്റി ചെയർമാൻ ഡോ. അബ്ദുൾ ലത്തീഫിനെ കമ്മിറ്റിയിൽ നിന്നും ഒഴിവാക്കാൻ കാരണമെന്തെന്ന് വിശദമാക്കാമോ ;

(ബി) അദ്ദേഹത്തെ ഒഴിവാക്കി പുതിയ ചെയർമാനെ നിയോഗിച്ചത് മന്ത്രിയുടെ ഉത്തരവ് പ്രകാരമായിരുന്നോ;

(സി) ഡോ. അബ്ദുൾ ലത്തീഫ് ചെയർമാനായിരുന്ന കമ്മിറ്റി ഏതൊക്കെ സ്ഥാപനങ്ങളാണ് പരിശോധിച്ചത്; ഏതൊക്കെ സ്ഥാപനങ്ങൾക്കാണ് എൻ. ഒ. സി. നൽകാൻ ശുപാർശ ചെയ്തത്;

(ഡി) പുതുതായി നിയോഗിച്ച കമ്മിറ്റിയിലെ അംഗങ്ങൾ ആരെല്ലാമാണ് ;

(ഇ) പുതിയ കമ്മിറ്റി ഏതൊക്കെ സ്ഥാപനങ്ങൾക്ക് എൻ. ഒ. സി. നൽകാനാണ് ശുപാർശ ചെയ്തത്; അതിൽ ഏതൊക്കെ സ്ഥാപനങ്ങൾക്ക് എൻ. ഒ. സി. നൽകി എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly